**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേന്ദ്ര സർക്കാർ 2020-21 വർഷത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾക്ക് അംഗീകാരം നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

**G.O.(Rt)No.1375/2021/LSGD** തീയതി,തിരുവനന്തപുരം, **22/07/2021**

---

പരാമർശം:-

1. കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ 08/04/2020 തീയതിയിലെ S-11011/ 2/2020-SBM-DDWS നമ്പർ കത്ത്
2. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം പദ്ധതി മാർഗ നിർദേശങ്ങൾ
3. 20/02/2021 തീയതിയിലെ G.O (Ms) No. 58/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
4. 27.05.2021 തീയതിയിൽ ചേർന്ന നാഷണൽ സ്കീം സാങ്ഷനിങ് കമ്മിറ്റി യോഗതീരുമാനം
5. 24.05.2021 തീയതിയിലെ നം.44/2021/ഫിൻ നമ്പർ സർക്കുലർ

**<u>ഉത്തരവ്</u>**

കേന്ദ്ര സർക്കാർ 2020-21 വർഷത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം പദ്ധതി സംസ്ഥാനത്തു നടപ്പാക്കുന്നതിന് അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതുക്കലുകൾ ഉൾപ്പെടെ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് താഴെപറയും പ്രകാരം നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. രാജ്യത്തെ എല്ലാ വില്ലേജുകളെയും രാജ്യമാകെയും അഞ്ചു വർഷക്കാലാവധിയിൽ ഒ.ഡി.എഫ്. പ്ലസ് പദവിയിൽ എത്തിക്കുക എന്നതാണ് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം പദ്ധതിയുടെ ലക്ഷ്യം (വില്ലേജ് അടിസ്ഥാന ഘടകമായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്). സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിൽ അനുവദിക്കുന്ന തുകയ്ക്കു പുറമേ, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിഹിതം, തദ്ദേശ ഭരണ സ്ഥാപന വിഹിതം എന്നിങ്ങനെ വിവിധ രീതിയിലുള്ള ഫണ്ടുകൾ ഉപയോഗിച്ചാണ് ഈ ലക്ഷ്യം നേടേണ്ടത്. പദ്ധതിയുടെ സവിശേഷതകളും ധനകാര്യ വിശദീകരണവും **അനുബന്ധം -1** ആയി ഉള്ളടക്കം ചെയ്യുന്നു.

3. താഴെപ്പറയുന്ന ഇനങ്ങൾക്കാണ് പദ്ധതി ഫണ്ടിൽ നിന്ന് നേരിട്ട് ധനസഹായം ഉള്ളത്.

1. വ്യക്തിഗത കക്കൂസുകൾ (IHHL) (ഗ്രാമ പഞ്ചായത്തുകൾ മുഖേനയുള്ള നിർവഹണം)
2. കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ (CSC) (ഗ്രാമ പഞ്ചായത്തുകൾ മുഖേനയുള്ള നിർവ്വഹണം)
3. ഖരമാലിന്യ പരിപാലനം (ഗ്രാമ പഞ്ചായത്തുകൾ മുഖേനയുള്ള നിർവ്വഹണം)
4. ദ്രവ മാലിന്യ പരിപാലനം (ഗ്രാമ പഞ്ചായത്തുകൾ മുഖേനയുള്ള നിർവഹണം)
5. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ (ബ്ലോക്ക് പഞ്ചായത്ത് /ജില്ലാ തലം )
6. കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ (ജില്ലാ തലം)
7. ഗോബർധൻ (ബയോഗ്യാസ് പ്ലാന്റുകൾ) - ജില്ലാ തലം

4. വ്യക്തിഗത ശൗചാലയങ്ങൾ ഒഴികെ മറ്റ് വ്യക്തഗത പദ്ധതികൾക്ക് ഈ പദ്ധതിയിൽ വകയിരുത്തൽ ഇല്ലാത്തതാണ്. ഇതിൽ 2 മുതൽ 4 വരെയുള്ള ഇനങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക കൂടി ചേർത്ത് മാത്രമേ നിർവഹണം നടത്തുവാൻ അനുമതിയുള്ളൂ. ഒ.ഡി.എഫ്. പ്ലസ് ലക്ഷ്യം

കാണുന്നതിനാവശ്യമായ വ്യക്തിഗത കക്കൂസുകളുടെ പുനരുദ്ധാരണം, മറ്റ് വ്യക്തിഗത ഉപാധികൾ സ്ഥാപിക്കൽ എന്നിവയ്ക്ക് എസ്.ബി.എം. ഫണ്ട് വിനിയോഗിക്കാൻ അനുമതി നല്കിയിട്ടില്ല. എന്നാൽ അവ എസ്.ബി.എം. ഇതര ഫണ്ടുകൾ (അവയുടെ നിബന്ധനകൾ പ്രകാരം) ഉപയോഗിച്ച് പൂർത്തിയാക്കേണ്ടതാണ്. അതുപോലെ തന്നെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അർഹതപ്പെട്ട പരമാവധി ഭവനങ്ങളിൽ, വ്യക്തിഗത കമ്പോസ്റ്റ്, സോക്ക്പിറ്റ് യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

5. ഓരോ വർഷവും സംസ്ഥാനം സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശമനുസരിച്ച് കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന വാർഷിക കർമ്മ പദ്ധതി (Annual Implementation Plan-എ.ഐ.പി) യുടെ അടിസ്ഥാനത്തിലാണ് എസ്.ബി.എം പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2020-2021 വർഷം മുതൽ മുൻകൂറായി ഫണ്ട് കൈമാറുകയില്ല എങ്കിലും യഥാർത്ഥ ചെലവിന്റെ അടിസ്ഥാനത്തിൽ പി.എഫ്.എം.എസ്. മുഖേന യഥാസമയം പണം അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

6. 2021-22 വർഷത്തേക്കുള്ള പദ്ധതി നിർദ്ദേശങ്ങൾ ദേശീയ സ്കീം സാങ്ഷനിങ് കമ്മിറ്റി പരാമർശം (4) പ്രകാരം അംഗീകരിച്ചിട്ടുള്ളതും ആയതു സംബന്ധിച്ച വിവരങ്ങൾ ജില്ലാ ശുചിത്വ മിഷനുകൾ മുഖേന തദ്ദേശ ഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിന് സംസ്ഥാന ശുചിത്വ മിഷൻ നടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതി അനുസരിച്ച് 2021-22 വർഷത്തിൽ 500 ൽ കുറയാതെ വില്ലേജുകളെ ഒ.ഡി.എഫ്. പ്ലസ് പദവിയിലെത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുടർന്ന് മറ്റ് വില്ലേജുകളും, ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നീ ക്രമത്തിൽ സംസ്ഥാനമൊട്ടാകെയും ഒ.ഡി.എഫ്. പ്ലസ് പദവിയിലെത്തിക്കേണ്ടതുമാണ്.

7. ഖര മാലിന്യ പരിപാലനത്തിൽ സംസ്ഥാനം ഇതിനകം തന്നെ മുൻനിരയിൽ എത്തിയിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ 715 ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ ഇതിനകം തന്നെ **'ശുചിത്വ പദവി'** നൽകിയിട്ടുള്ളതുമാണ്. ആയതിനാൽ ഖരമാലിന്യ പരിപാലനം സംബന്ധിച്ച് എസ്.ബി.എം. പദ്ധതിയുടെ നിബന്ധനകൾ, പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ ഭാഗികമായി പൂർത്തീകരിച്ചിട്ടുള്ളതാണ്. ശുചിത്വപദവി ഇതിനകം നേടിയ ഗ്രാമപഞ്ചയത്തുകളിലും ഇനിയും ശുചിത്വപദവി നേടാനുള്ള ഗ്രാമപഞ്ചായത്തുകളിലും എസ്.ബി.എം. പദ്ധതി-2 നിബന്ധനകൾ പ്രകാരം നിലനിൽക്കുന്ന പോരായ്മകൾ വില്ലേജ് അടിസ്ഥാനത്തിൽ പദ്ധതികൾ ഏറ്റെടുത്ത് ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. ദ്രവമാലിന്യ പ്രശ്നം നിലനിൽക്കുന്ന ഇടങ്ങളിൽ കമ്മ്യൂണിറ്റി സോക്പിറ്റുകൾ നിർമ്മിച്ചും, ഭവനങ്ങളിൽ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി മുഖേന വ്യക്തിഗത സോക്പിറ്റുകൾ നിർമ്മിച്ചും വില്ലേജ് തലത്തിൽ പാലിക്കേണ്ട ദ്രവ മാലിന്യ സംസ്കരണം സംബന്ധിച്ച നിബന്ധനകൾ ഏറിയ പങ്കും പരിഹരിക്കാൻ സാധിക്കുന്നതാണ്. അതിലധികമായ ആവശ്യകത നിലനിൽക്കുന്ന വലിയ മാർക്കറ്റുകൾ, ആശുപത്രികൾ മുതലായ സ്ഥാപനങ്ങൾക്കു വേണ്ടി പ്രത്യേക പ്ലാന്റുകൾ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നിർമ്മിക്കേണ്ടതാണ്.

9. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് (RRF) കൾ നിലവിലില്ലാത്ത ബ്ലോക്ക് പഞ്ചായത്തുകൾ അവ 2020-21 വർഷം തന്നെ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ഗ്രാമ പ്രദേശങ്ങളിലെ വീടുകളിലും സ്ഥാപനങ്ങളിലുമുള്ള ശുചിമുറികളുടെ സെപ്റ്റിക് ടാങ്ക് മാലിന്യം സംസ്കരിക്കുന്നതിന് എസ്.ബി.എം പദ്ധതി വിഹിതം ഉപയോഗിച്ച് ജില്ലാ തലത്തിൽ പ്ലാന്റുകൾ സജ്ജമാക്കണം. അവ പൂർത്തിയാക്കുന്നതുവരെ നഗര പ്രദേശങ്ങളിൽ നിലവിലുള്ള പ്ലാന്റുകളിലേക്ക് സെപ്റ്റേജ് മാലിന്യം ക്രമമായി മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

10. ഐ.ഇ.സി. പ്രവർത്തനങ്ങളും നിഷ്കർഷിച്ചിട്ടുള്ള ബോർഡുകളുടെ സ്ഥാപനവും എല്ലാ വില്ലേജുകളിലും ഉറപ്പുവരുത്തി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റവും അടുത്ത തീയതിയിൽ ഒ.ഡി.എഫ്. പ്ലസ് പ്രഖ്യാപനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

11. വ്യക്തിഗത കക്കൂസുകളും, കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകളും വാർഷിക കർമ്മപദ്ധതിയിൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന എണ്ണം അനുസരിച്ച് നിർവ്വഹണം നടത്തേണ്ടതിനാൽ അവയ്ക്കായി സാമ്പത്തിക വാർഷാടിസ്ഥാനത്തിൽ പദ്ധതി രൂപീകരിച്ച് നിർവ്വഹണം നടത്തേണ്ടതാണ്. ഖര-ദ്രവ മാലിന്യ പദ്ധതികളിൽ പലതും കൂടുതൽ വകയിരുത്തൽ ആവശ്യമുള്ളവയായതിനാലും നിർവ്വഹണത്തിന് കൂടുതൽ ഫണ്ട് സമയ ദൈർഘ്യം ആവശ്യമുള്ളതാകയാലും, എസ്.ബി.എം. മാർഗ്ഗനിർദ്ദേശപ്രകാരം പദ്ധതി കാലയളവിലേക്ക് തദ്ദേശ ഭരണ സ്ഥാപനത്തിന് ജനസംഖ്യാടിസ്ഥാനത്തിൽ ആകെ അനുവദനീയമായ തുകയിൽ അധികരിക്കാത്തവിധം ബഹു വർഷ പ്രോജക്ടുകളായി പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടതാണ്.

12. ഗോബർ-ധൻ പദ്ധതിയിൽ ഓരോ ജില്ലയും അഞ്ച് വർഷത്തേയ്ക്ക് അനുവദനീയമായ 50 ലക്ഷം

രൂപയുടെ പദ്ധതികൾ 2021-22 വർഷത്തിൽ തന്നെ ആവിഷ്കരിച്ച് ആരംഭിക്കുന്നതിന് ജില്ലാ ശുചിത്വ സമിതികൾ നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. സംസ്ഥാനത്തിന് ശുചിത്വ മേഖലയിൽ കേന്ദ്ര സഹായം ഉറപ്പുവരുത്തുന്നതിന് ഒ.ഡി.എഫ്. പ്ലസ് പദവി അനിവാര്യമായതിനാൽ സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ രണ്ടാം ഘട്ടം പദ്ധതികൾക്കാവശ്യമായ പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് അടിയന്തര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. എസ്.ബി.എം. ഗ്രാമീൺ രണ്ടാം ഘട്ടം പദ്ധതിയിൽ അനുവദനീയമായ ഇനങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങൾ പ്രസ്തുത പദ്ധതിയിലെ ഫണ്ട് തന്നെ ഉപയോഗപ്പെടുത്തുന്നുവെന്നും ആയത് ഉപയോഗപ്പെടുത്തിയതിന് ശേഷം അധികമായ ആവശ്യത്തിന് മാത്രമേ മറ്റ് ഫണ്ടുകൾ വാർഷിക പദ്ധതിയിൽ വകയിരുത്തുന്നുള്ളൂ എന്നും ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പുവരുത്തേണ്ടതാണ്.

14. സ്വച്ഛ് ഭാരത് ഗ്രാമീൺ രണ്ടാം ഘട്ടം പദ്ധതിയിൽ സംയോജനം ഉറപ്പുവരുത്തുന്നത് ഇതിനകം അംഗീകാരം വാങ്ങിയിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, വികസന, തനതു ഫണ്ട് പദ്ധതികൾ ഭേദഗതി ചെയ്യുന്നതിനും അനുവദിക്കുന്നു. മുൻ കേന്ദ്രാവിഷ്കൃത ശുചിത്വ പദ്ധതികളിലും നിർമൽ പുരസ്കാരത്തുക ഇനത്തിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചതിൽ പലിശ ഇനത്തിലും മറ്റുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ബാക്കി നിൽക്കുന്ന തുകയുള്ള പക്ഷം ആയത് അതാതു പദ്ധതികളുടെ നിബന്ധനകൾ പ്രകാരം മേൽ സൂചിപ്പിച്ച ലക്ഷ്യം നേടുന്നതിന് അനുപൂരകമായി തനത് വർഷം തന്നെ ഉപയോഗപ്പെടുത്തുന്നതിനും നിർദേശം നൽകുന്നു.

15. ഒ.ഡി.എഫ്. പ്ലസ് പദവി ഒന്നാം ഘട്ടത്തിനുള്ള സമയപരിധി 02.10.2021 ആയതിനാൽ ഇത് സംബന്ധിച്ച നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

R S Kannan

Special Secretary

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ ചെയർമാന്മാർക്കും ( ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

**അനുബന്ധം**

**സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) - രണ്ടാം ഘട്ടം പദ്ധതി**
**(മാർഗ്ഗനിർദ്ദേശങ്ങളുടെ സംക്ഷിപ്തം)**

സ്വച്ഛ് ഭാരത് മിഷൻ (ഒന്നാം ഘട്ടം) പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന സമ്പൂർണ്ണ വെളിയിട വിസർജ്യ വിമുക്ത പദവി നിലനിർത്തുന്നതിനും, അടുത്ത പടിയായ ഖര-ദ്രവമാലിന്യ സംസ്കരണത്തിനും ഊന്നൽ നൽകി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം പദ്ധതി 2020-25 വർഷക്കാലയളവിൽ നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതുക്കലുകളോടുകൂടിയ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമായിരിക്കണം പദ്ധതി നടപ്പാക്കേണ്ടത്.

സ്വച്ഛ് ഭാരത് മിഷൻ (രണ്ടാം ഘട്ടം) 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം ഉൾപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, എം.പി/എം.എൽ.എ. ഫണ്ടുകൾ സാമൂഹിക പ്രതിബദ്ധതാ ഫണ്ട് (സി.എസ്.ആർ ഫണ്ട്), തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം, യൂസർഫീ എന്നിങ്ങനെ വിവിധ ഫണ്ടുകൾ സംയോജിപ്പിച്ച് പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിനാണ് വിഭാവം ചെയ്തിട്ടുള്ളത്.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (രണ്ടാം ഘട്ടം) പദ്ധതിയുടെ പ്രധാന ലക്ഷ്യം നിലവിൽ കൈവരിച്ച വെളിയിട വിസർജ്യ വിമുക്ത പദവി നിലനിർത്തുകയും ഗ്രാമീണ മേഖലയിലെ ഖര-ദ്രവമാലിന്യ സംസ്കരണം മികവുറ്റതാക്കി ഗ്രാമങ്ങളെ വൃത്തിയുള്ള ഇടങ്ങളാക്കി മാറ്റുകയും എന്നതുമാണ്. ഗ്രാമപ്രദേശങ്ങളെ ഒ.ഡി.എഫ്. പ്ലസ് എന്ന അടുത്ത ഘട്ടത്തിലേക്ക് എത്തിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. വില്ലേജുകൾ അടിസ്ഥാന ഘടകമാക്കിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ഒരു ഗ്രാമം ഒ.ഡി.എഫ്. പ്ലസ് പദവിയിൽ എത്തുന്നതിന് ആ പ്രദേശത്തെ 80% വീടുകളും പൊതു സ്ഥലങ്ങളും മാലിന്യ മുക്തമായതും, മലിനജലം കെട്ടിക്കിടക്കാത്തതും പ്ലാസ്റ്റിക് മാലിന്യ കൂമ്പാരങ്ങൾ ഇല്ലാത്തതുമായിരിക്കണം.
ഈ അവസ്ഥയിലേക്ക് ഒരു പ്രദേശത്തെ എത്തിക്കുന്നതിനായി നിരന്തരമായി വിവര വിജ്ഞാന വ്യാപന പ്രക്രിയകളിലൂടെ ബോധവത്കരണം നടത്തി ശീലവത്കരണം ഉറപ്പാക്കണം.

**ഒ.ഡി.എഫ്. പ്ലസ് വില്ലേജുകൾ ആയി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

1.എല്ലാ വീടുകളിലും ഉപയോഗയോഗ്യമായ ശൗചാലയങ്ങൾ ഉറപ്പാക്കുക
2. ഗ്രാമങ്ങളിൽ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പൊതുശൗചാലയം കൃത്യമായ പരിപാലനത്തോടു കൂടി ഉറപ്പാക്കുക
3. സ്കൂളുകൾ, പഞ്ചായത്ത് ആസ്ഥാനങ്ങൾ, അംഗൻവാടികൾ എന്നിവയിൽപുരുഷനും സ്ത്രീയ്ക്കും പ്രത്യേകമായി ഉപയോഗയോഗ്യമായ ശൗചാലയങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക. പൊതുയിടങ്ങൾ വൃത്തിയായും മലിനജലം കെട്ടിനിൽക്കാതെയും പ്ലാസ്റ്റിക്ക് കൂമ്പാരങ്ങൾ ഇല്ലാതെയും സംരക്ഷിക്കുക.
4. ചുരുങ്ങിയത് 80% വീടുകളിലും, എല്ലാ സ്കൂളുകളിലും, അംഗൻവാടികളിലും പഞ്ചായത്ത് ആസ്ഥാനങ്ങളിലും ജൈവമാലിന്യങ്ങളും ദ്രവമാലിന്യവും സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണം
5. ഗ്രാമത്തിൽ പ്ലാസ്റ്റിക് തരംതിരിക്കുന്നതിനും അത് ശേഖരിക്കുന്നതിനും ഉള്ള സംവിധാനം ഉണ്ടായിരിക്കണം
6. ഗ്രാമങ്ങളിൽ ഒ.ഡി.എഫ്. പ്ലസുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട അഞ്ച് വിവര വിജ്ഞാന വ്യാപന

സന്ദേശങ്ങൾ പ്രാമുഖ്യത്തോടെ പ്രദർശിപ്പിക്കുക.

**<u>ഒ.ഡി.എഫ്. പ്ലസ് പ്രഖ്യാപനം</u>**

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) – രണ്ടാം ഘട്ട മാർഗനിർദ്ദേശപ്രകാരം കൈവരിച്ച ഭൗതിക നേട്ടങ്ങൾ വ്യക്തമായി ഇതിനായി കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള ഐ.എം.ഐ.എസിൽ (IMIS) പ്രതിഫലിപ്പിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി എന്നിവർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. അതിനുശേഷം ഗ്രാമസഭ വിളിച്ച് ചേർത്ത് ഒ.ഡി.എഫ്. പ്ലസ് ആയി പ്രഖ്യാപിക്കണം. അതിനുശേഷം ഇക്കാര്യത്തിനായി നിർദ്ദേശിച്ചിട്ടുള്ള ഒ.ഡി.എഫ്. പ്ലസ് പ്രഖ്യാപന സർട്ടിഫിക്കറ്റ് ഐ.എം.ഐ.എസിൽ സമർപ്പിക്കണം. തുടർന്ന് ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിയോഗിക്കുന്ന ഏജൻസികളുടെ പരിശോധന ഉണ്ടാകും.

**<u>പദ്ധതി ഘടകങ്ങളും ഫണ്ട് വിഹിതവും</u>**

| ക്രമ. നം. | ഘടകങ്ങൾ | | വകയിരുത്താവുന്ന തുക | | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | SBM | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ആകെ | |
| 1 | വ്യക്തിഗത കക്കൂസ് | | 12000 | 3400 | 15400 | ഒരു യൂണിറ്റിന് |
| 2. | കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് | | 210000 | 90000 | 300000 | ഒരു യൂണിറ്റിന് |
| 3. | ഖരമാലിന്യസംസ്കരണം (ഗ്രാമപഞ്ചായത്ത് തല നിർവ്വഹണം)<br>1. കമ്പോസ്റ്റ് യൂണിറ്റുകൾ<br>2. പ്ലാസ്റ്റിക് ശേഖരണ യൂണിറ്റുകൾ<br>3. ട്രൈസൈക്കിൾ/ ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾ | 5000 ൽ താഴെ ജന സംഖ്യയുള്ള വില്ലേജു കൾ | Rs.42/- | Rs.18/- | Rs.60/- | ഒരു വ്യക്തിക്ക് എന്ന നിരക്കിൽ |
| | | 5000 നു മുകളിൽ ജനസംഖ്യയുള്ള വില്ലേജുകൾ | Rs.31.5/- | Rs.13.5/ | Rs.45/- | |
| 4. | ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ (ഗ്രാമ പഞ്ചായത്ത് തലം) | 5000 ൽ താഴെ ജനസംഖ്യയുള്ള വില്ലേജുകൾ | Rs.196/- | Rs.84/- | Rs.280/- | ഒരു വ്യക്തിക്ക് എന്ന നിരക്കിൽ |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | 5000 നു മുകളിൽ ജന സംഖ്യയുള്ള വില്ലേജുകൾ | Rs.462/- | Rs.198/ | Rs.660/ | |
| 5. | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെൻറ് യൂണിറ്റ് (ബ്ലോക്ക്/ജില്ലാതല നിർവ്വഹണം) | | 16,00,000/- | | 16,00,000/ | ഒരു യൂണിറ്റിന് |
| 6. | ഗോബർദ്ധൻ (ജില്ലാ ശുചിത്വ സമിതി തീരുമാന പ്രകാരം) | | 50,00,000/- | | 50,00,000/- | ഒരു ജില്ലയ്ക്ക് |
| 7. | ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെൻറ് പ്ലാൻറ് (ജില്ലാ ശുചിത്വ സമിതി തീരുമാന പ്രകാരം) | | Rs.230/- | | Rs.230/- | ഒരു വ്യക്തിക്ക് എന്ന നിരക്കിൽ |
| 8. | ഐ.ഇ.സി & ശേഷി വികസനം | | 3% | | | പ്രോഗ്രാം ഫണ്ടിന്റെ 3 % (സംസ്ഥാനത്തിനും ജില്ലയ്ക്കും) |
| 9. | ഭരണ ചെലവ് | | 1% | | | പ്രോഗ്രാം ഫണ്ടിന്റെ 1 % ( സംസ്ഥാനത്തിനും ജില്ലയ്ക്കും) |

വ്യക്തിഗത കക്കൂസുകൾക്കും കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾക്കും യൂണിറ്റ് കോസ്റ്റ് അടിസ്ഥാനത്തിലും ഖര-ദ്രവ മാലിന്യ പരിപാലനം, സെപ്റ്റേജ് മാലിന്യ പരിപാലനം എന്നിവയ്ക്ക് ജനസംഖ്യാനുപാതികമായും ബയോഗ്യാസ് (ഗോബർ-ധൻ), പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് (ആർ.ആർ.എഫ് മാതൃക) എന്നിവയ്ക്ക് നിശ്ചിത തുകയുമാണ് അനുവദനീയമായിട്ടുള്ളത്. ഓരോ ഘടകത്തിനായുമുള്ള വകയിരുത്തൽ മറ്റൊരു ഘടകത്തിനായി വിനിയോഗിക്കാൻ അനുവദിച്ചിട്ടില്ല. ദ്രവമാലിന്യ പരിപാലനത്തിന് കമ്മ്യൂണിറ്റി സോക്ക്പിറ്റുകൾ മാത്രം നിർമ്മിക്കുന്ന 5000 ൽ അധികം ജനസംഖ്യയുള്ള വില്ലേജുകൾക്ക് 5000 ൽ താഴെ ജനസംഖ്യയുള്ള വില്ലേജുകളുടെ അർഹതാമാനദണ്ഡപ്രകാരമായിരിക്കും ഫണ്ട് ലഭിക്കുക.

**വ്യക്തഗത ശൗചാലയ നിർമ്മാണം**

പദ്ധതി കാലയളവിൽ പുതിയതായി നിർമ്മിക്കുന്ന വീടുകൾക്ക് മാത്രം. ബി.പി.എൽകുടുംബങ്ങൾ, എസ്.സി, എസ്.ടി കുടുംബങ്ങൾ, ചെറുകിട നാമമാത്ര കർഷകർ, സ്ത്രീകൾ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങൾ തുടങ്ങിയവരാണ് അർഹതയുള്ളവർ. ഇൻസെന്റീവ് സബ്സിഡി തുക ഒരു യൂണിറ്റിന് 12000/- രൂപ. (വികസന ഫണ്ട്/ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്ന് ഓരോ ഗുണഭോക്താവിനും 3400/- രൂപ അധികമായി അനുവദിക്കാം.)

**കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകൾ**

ആവശ്യകതയുടെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ കൃത്യമായ പരിപാലന സൗകര്യത്തോടുകൂടി സ്ഥാപിക്കാവുന്നതാണ്. നടത്തിപ്പ് പരിപാലന ചെലവുകൾ യൂസർ ഫീ മുഖേന കണ്ടെത്തണം. സ്ത്രീകൾ, പുരുഷൻമാർ എന്നിവർക്ക് പ്രത്യേകം കമ്പാർട്ട്മെന്റുകൾ നിർമ്മിക്കണം. ഒരു യൂണിറ്റിന് 3 ലക്ഷം രൂപ വരെ ചെലവഴിക്കാം.

70% എസ്.ബി.എം(ജി) : 2.10 ലക്ഷം

30% പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് : 0.90 ലക്ഷം (കുറഞ്ഞത്)

അധികമായി ഫണ്ട് കണ്ടെത്തുന്നതിനും നടത്തിപ്പിനുമായി പൊതു സ്വകാര്യ പങ്കാളിത്തം സി എസ് ആർ ഫണ്ട് എന്നിവയും സ്വീകരിക്കാവുന്നതാണ്.

**<u>ഖര മാലിന്യ സംസ്കരണ പദ്ധതികൾ (ഗ്രാമപഞ്ചായത്ത് തലം)</u>**

എല്ലാ ഉപഘടകങ്ങൾക്കുമായി അഞ്ച് വർഷത്തേയ്ക്ക് ജനസംഖ്യാനുപാതികമായി അനുവദനീയമായ തുകയിൽ അധികരിക്കാതെ, വാർഷിക വകയിരുത്തൽ പ്രകാരം ലഭ്യമായ തുകയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

<u>1. സാമൂഹിക തല കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ</u>

ഓരോ വില്ലേജിലും കുറേയധികം വീടുകൾ, കോളനികൾ/ മാർക്കറ്റുകൾ/പൊതുയിടങ്ങൾ എന്നിവിടങ്ങളിൽ കമ്പോസ്റ്റിംഗ് (തുമ്പൂർമുഴി മാതൃകയിലുള്ളത്), വെർമി കമ്പോസ്റ്റ്, വിൻഡ്രോ കമ്പോസ്റ്റ് മുതലായ യൂണിറ്റുകൾ) സംവിധാനങ്ങൾ നിർമ്മിക്കേണ്ടതാണ്.

<u>2. പ്ലാസ്റ്റിക് വേസ്റ്റ് സ്റ്റോറേജ് യൂണിറ്റ്</u>

ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന വൃത്തിയുളള പ്ലാസ്റ്റിക്, അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുന്നതിനും, പുനരുപയോഗം വർദ്ധിപ്പിക്കുന്നതിനും ഓരോ വില്ലേജിലും ഇത്തരത്തിൽ ഒരു യൂണിറ്റ് സ്ഥാപിക്കണം.

<u>3. ഖരമാലിന്യ ശേഖരണത്തിനായി വാഹനം</u>

വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫിലേക്കും ആർ.ആർ.എഫ് ലേക്കും കൊണ്ടുപോകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ട്രൈസൈക്കിളുകൾ അഥവാ ബാറ്ററിയിൽ പ്രവർത്തിക്കുന്ന ചെറിയ ഗുഡ്സ് കാരിയർ വാഹനങ്ങൾ വാങ്ങാവുന്നതാണ്.

**<u>ദ്രവമാലിന്യ സംസ്കരണം (ഗ്രാമപഞ്ചായത്ത് തലം)</u>**

എല്ലാ ഉപഘടകങ്ങൾക്കുമായി അഞ്ച് വർഷത്തേയ്ക്ക് ജനസംഖ്യാനുപാതികമായി അനുവദനീയമായ തുകയിൽ അധികരിക്കാതെ വാർഷിക വകയിരുത്തൽ പ്രകാരം ലഭ്യമായ തുകയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

കോളനികൾ, മാർക്കറ്റുകൾ, സ്ഥാപനങ്ങൾ എന്നിങ്ങനെ ദ്രവമാലിന്യ പ്രശ്നം നിലനിൽക്കുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് കമ്മ്യൂണിറ്റി സോക്ക്പിറ്റുകൾ, മറ്റു ദ്രവ-മലിനജല സംസ്കരണ പ്ലാന്റുകൾ, സെഡിമെന്റേഷൻ കുളങ്ങൾ മുതലായവ നിർമ്മിക്കാവുന്നതാണ് (വിശദ വിവരങ്ങൾ മാർഗ്ഗനിർദ്ദേശ പുസ്തകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.)

**<u>പ്ലാസ്റ്റിക് വേസ്റ്റ്മാനേജ്മെന്റ് യൂണിറ്റ് (ബ്ലോക്ക്തലം/ജില്ലാതലം)</u>**

ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ (കേരളത്തിലെ ആർ.ആർ.എഫ്. മാതൃകയിൽ) നിർമ്മിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുളള സാഹചര്യത്തിൽ എല്ലാ ബ്ലോക്ക് പഞ്ചായത്ത് തലത്തിലും പ്രസ്തുത യൂണിറ്റ് ഉറപ്പുവരുത്തണം.

**<u>ഗോബർ-ധൻ (Gobar-dhan) - Galvanizing Organic Bio agro Resources (ജില്ലാതലം)</u>**

സമൂഹ തലത്തിൽ ഓരോ ജില്ലയിലും പൈലറ്റ് അടിസ്ഥാനത്തിൽ ഒരു വലിയ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കേണ്ടതാണ്. ജൈവ മാലിന്യങ്ങൾ, മൃഗാവശിഷ്ടങ്ങൾ, ചാണകം എന്നിവ ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കാം. ഗോശാലകളിലും, മാർക്കറ്റുകൾ, കോളനികൾ എന്നിവിടങ്ങളിലും നിർമ്മിക്കാവുന്നതാണ്. അഞ്ചു വർഷത്തേയ്ക്ക് അനുവദനീയമായ 50 ലക്ഷം രൂപയുടെ ആകെ അടങ്കൽ തുകയിൽ അധികരിക്കാതെ കൂടുതൽ യൂണിറ്റുകളും നിർമ്മിക്കാവുന്നതാണ്. പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം ഉപയോഗപ്പെടുത്തി നാഷണൽ ന്യൂ ബയോഗ്യാസ് ഓർഗാനിക് മാന്യുവർ പ്രോഗ്രാം (NNBOMP) മാനദണ്ഡ പ്രകാരം കൂടുതൽ യൂണിറ്റുകൾ നിർമ്മിക്കേണ്ടതാണ്. (ഒരു ബ്ലോക്ക് പഞ്ചായത്തിൽ 10 ൽ കുറയാതെ).

**<u>കക്കൂസ് മാലിന്യ സംസ്കരണം (Feacal Sludge Management) (ജില്ലാതലം)</u>**

ജില്ലാടിസ്ഥാനത്തിൽ ഒരു യൂണിറ്റ് സ്ഥാപിക്കുവാൻ സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജില്ലാ ശുചിത്വ സമിതിയാണ് ഇതു സംബന്ധിച്ച ആവശ്യകത കണ്ടെത്തി അനുയോജ്യമായവ സ്ഥാപിക്കുന്നത് സംബന്ധിച്ച് മാർഗനിർദ്ദേശങ്ങളിൽ വിവക്ഷിക്കുന്ന പ്രകാരം തീരുമാനമെടുക്കേണ്ടത്. നിർവ്വഹണം ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്നതാണ് അഭികാമ്യം.

**വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ (ഐ.ഇ.സി)**

ഒ.ഡി.എഫ്. സ്റ്റാറ്റസ് (വെളിയിട വിമുക്ത പദവി) നിലനിർത്തുന്നതിനും പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനും ഓരോ വ്യക്തിയിലും വൃത്തിയുടെ ശീലങ്ങൾ ജീവിതത്തിലുടനീളം ഉടരേണ്ടതുണ്ട്. ഇതിനായി വിവിധ മാധ്യമങ്ങളിലൂടെ എല്ലാ വിഭാഗത്തിനും അനുയോജ്യമായ വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇതിനായി പ്രോഗ്രാം ഫണ്ടിന്റെ ആകെ 3% (ജില്ലാ സംസ്ഥാന തലങ്ങളിലായി) വിനിയോഗിക്കാവുന്നതാണ്. ഓരോ വില്ലേജിലും 5 ൽ കുറയാത്ത എണ്ണം വിവര-വിജ്ഞാന-വ്യാപന ബോർഡുകൾ സ്ഥാപിക്കേണ്ടതുമുണ്ട്)

**അഡ്മിനിസ്ട്രേഷൻ**

പ്രോഗ്രാം ഫണ്ടിന്റെ 1% തുക ജില്ലാ സംസ്ഥാന തലങ്ങളിലായി ഭരണചെലവിനായി ഉപയോഗിക്കാവുന്നതാണ്.